**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.539**
**05.06.2018 ൽ മറുപടി നൽകേണ്ടത്**

**ക്ഷേമ പെൻഷനുകൾ**

**ചോദ്യം**
ശ്രീ.ഇ. കെ. വിജയൻ

**മറുപടി**
ഡോ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | കേരളത്തിൽ ഇപ്പോൾ നൽകി വരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | താഴെപ്പറയുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കു പുറമേ വിവിധ ക്ഷേമ നിധി ബോർഡ് പെൻഷനുകളും കേരളത്തിൽ നൽകി വരുന്നു.<br><br>1) കർഷക തൊഴിലാളി പെൻഷൻ<br>2) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ<br>3) ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>4) ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ<br>5) 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ |
| (ബി) | ക്ഷേമ പെൻഷനുകളുടെ അപേക്ഷ ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സാമൂഹ്യ സുരക്ഷാ പെൻഷന്റെ അപേക്ഷയാണ് പ്രാദേശിക സർക്കാരുകൾ കൈകാര്യം ചെയ്യുന്നത്. ഇത് സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പുതിയ അപേക്ഷകൾ എന്ന് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ പരിശോധിച്ചു വരികയാണ്. അതിന് ശേഷം താമസംവിന അർഹമായ പുതിയ പെൻഷണർമാരുടെ ഡേറ്റാ എൻട്രി അനുവദിക്കുന്നതാണ്. വികലാംഗ പെൻഷനു വേണ്ടിയുള്ള അപേക്ഷകളുടെ ഡേറ്റാ എൻട്രി അനുവദിക്കുന്നുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ